കലകൾക്ക് അധ്യാപനത്തിൽ മികച്ച സ്ഥാനം. ടി.ജെ. വിനോദ് എം.എൽ.എ

എറണാകുളം റവന്യൂ ജില്ലാ ടി.ടി.ഐ കലോത്സവം സെന്റ് ആൽബർട്ട് ടി.ടി.ഐ ഹാളിൽ ടി.ജെ. വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ വി.എ. ശ്രീജിത്ത്, ഡിഡിഇ ഹണി ജി അലക്സാണ്ടർ, റവ. ഫാദർ ജയൻ പയ്യപ്പിള്ളി, ഏലിയാസ് മാത്യു, ടി.യു സാദത്ത്, മാഹിൻ ബാഖവി, ത്വാഹ എ.എം എന്നിവർ സമീപം

കൊച്ചി: വിദ്യാഭ്യാസം എന്നത് അറിവ് നേടുകയും പകർന്നു നൽകുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ്. എന്നാൽ ആധുനിക കാലത്ത് വിദ്യാഭ്യാസത്തിന്റെ വ്യാപ്തി വളരെ വികസിച്ചു.

ഇന്ന് വിദ്യാഭ്യാസം എന്നത് അറിവ് നേടുന്നതിനപ്പുറം വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള വികാസത്തിന് സഹായിക്കുന്ന ഒരു പ്രക്രിയയായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കലയ്ക്ക് അധ്യാപനത്തിൽ വഹിക്കാനുള്ള പങ്ക് വളരെ വലുതാണെന്ന് ടി.ജെ. വിനോദ് എം.എൽ.എ അഭിപ്രായപ്പെട്ടു.കലാപ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ സർഗ്ഗാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുകയും അത് അധ്യാപനം ആകർഷണീയമാക്കി തീർക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 16-ാമത് എറണാകുളം റവന്യൂ ജില്ലാ ടി.ടി.ഐ., പി.പി.ടി.ഐ കലോത്സവം സെന്റ് ആൽബർട്ട്സ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊച്ചിൻ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാൻ വി.എ. ശ്രീജിത്ത് അധ്യക്ഷത വഹിച്ചു.

ദീപ ജി.എസ്, റവ.ഫാദർ ജയൻ പയ്യപ്പിള്ളി, വിവിധ അധ്യാപക സംഘടന നേതാക്കളായ ഏലിയാസ് മാത്യു ,അജിമോൻ പൗലോസ് , സിബി അഗസ്റ്റിൻ, ടി.യു. സാദത്ത്, ബെന്നി കെ.വി, മാഹിൻ ബാഖവി,എൽ. ശ്രീകുമാർ, ,കമറുദ്ദീൻ പി.എ.,സി.എസ്. സിദ്ദീഖ് , കെ.എ. നൗഷാദ് തുടങ്ങിയവർ സംസാരിച്ചു. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹണി ജി അലക്സാണ്ടർ സ്വാഗതവും റിസപ്ഷൻ കമ്മിറ്റി കൺവീനർ ത്വാഹ എ.എം നന്ദിയും പറഞ്ഞു.

കീരമ്പാറയിലെ മൂന്ന് അങ്കണവാടികൾ സ്മാർട്ടാക്കി

കോതമംഗലം: കീരമ്പാറ പഞ്ചായത്തിൽ മൂന്ന് അങ്കണവാടികൾ സ്മാർട്ടാക്കി. കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2023-2024 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കീരമ്പാറ ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡിലെ 86-ാം നമ്പർ, ആറാം വാർഡിലെ 79-ാം നമ്പർ, ഒൻപതാം വാർഡിലെ 81-ാം നമ്പർ എന്നീ അങ്കണവാടികളാണ് നവീകരിച്ചത്.

സ്മാർട് അങ്കണവാടികളുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം. ബഷീർ നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മാമച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. കീരമ്പാറയിൽ ഇതുവരെ ഏഴ് അങ്കണവാടികൾ സ്മാർട് ആക്കി മാറ്റിയിട്ടുണ്ട്.

കേബിൾ കുരുങ്ങി അപകടം :

ശക്തമായ ഇടപെടലുമായി മനുഷ്യാവകാശ കമ്മീഷൻ

കൊച്ചി:കളമശേരി ഇഖറ മസ്ജിദ് ഇമാം അബ്ദുൾ അസീസ് സഞ്ചരിച്ചിരുന്ന ഇരു ചക്ര വാഹനം റോഡിൽ താഴ്ന്നു കിടന്ന കേബിളിൽ കുരുങ്ങി നിയന്ത്രണം വിട്ട് മറിഞ്ഞ് ഇമാമിന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ശക്തമായ ഇടപെടലുമായി മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

സംഭവത്തെ കുറിച്ച് കൃത്യമായ വിശദീകരണം നൽകുന്നതിനായി ജില്ലാ പോലീസ് മേധാവിയും (കൊച്ചി സിറ്റി) കളമശേരി മുൻസിപ്പൽ സെക്രട്ടറിയും ചുമതലപ്പെടുത്തുന്ന മുതിർന്ന ഉദ്യോഗസ്ഥർ മനുഷ്യാവകാശ കമ്മീഷൻ സിറ്റിങ്ങിൽ നേരിട്ട് ഹാജരാകണമെന്ന് ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കാക്കനാട്) സിറ്റിങ്ങിൽ നേരിട്ട് ഹാജരാകണം. സെപ്റ്റംബർ 13 ന് രാവിലെ 10.30 ന് പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിലാണ് ഉദ്യോഗസ്ഥർ ഹാജരാകേണ്ടത്. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. 2024 ഓഗസ്റ്റ് 19 ന് ഉച്ചയ്ക്ക് 12 ന് എച്ച്. എം. റ്റി - എൻ.എ. ഡി റോഡിൽ കിഡ് എന്ന സ്ഥാപനത്തിന് മുന്നിലാണ് അബ്ദുൾ അസീസിന് അപകടം സംഭവിച്ചത്.

അബ്ദുൾ അസീസിന് അപകടമുണ്ടാക്കിയ കേബിൾ ഏത് ഏജൻസിയാണ് സ്ഥാപിച്ചത്, അതിന് മുൻകൂർ അനുമതി വാങ്ങിയിരുന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയോ ഏജൻസിയുടെയോ വിവരങ്ങൾ എന്നിവ കളമശേരി മുൻസിപ്പൽ സെക്രട്ടറിയും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഇപ്രകാരം അനുമതി വാങ്ങിയിരുന്നുവെങ്കിൽ അതിന്റെ രേഖകളും ഹാജരാക്കണം.

അപകടത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആർക്കെതിരെ, ഏത് സ്റ്റേഷനിൽ, ഏതൊക്കെ വകുപ്പുകൾ ചേർത്തു എന്നീ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് അസി. കമ്മീഷണർ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെ നിയോഗിച്ച് അന്വേഷിച്ച് ജില്ലാ പോലീസ് മേധാവി സമർപ്പിക്കണം. ഇതിൽ അബ്ദുൾ അസീസിന്റെ ചികിത്സാ വിശദാംശങ്ങൾ, ഇപ്പോഴത്തെ സ്ഥിതി, ഡോക്ടറുടെ മൊഴി എന്നിവ ഉൾപ്പെടുത്തണം. എഫ്.ഐ. ആർ. ഉണ്ടെങ്കിൽ പകർപ്പും ഹാജരാക്കണം. റിപ്പോർട്ടുകൾ രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

ചെമ്പുമുക്ക് പള്ളിക്ക് സമീപം 2022 ജൂണിൽ അലൻ ആൽബർട്ട് എന്നയാൾ കേബിൾ കഴുത്തിൽ കുരുങ്ങി മരിച്ചതിനെ തുടർന്ന് കമ്മീഷൻ പാസാക്കിയ ഉത്തരവ് നടപ്പാക്കാത്തത് കാരണമായിരിക്കാം ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. അലക്ഷ്യവും അപകടകരവുമായി സ്ഥാപിച്ച കേബിളുകൾ നീക്കണമെന്ന് 2022 ഒക്ടോബർ 22 ന് പാസാക്കിയ ഉത്തരവിൽ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർ നടപടികൾക്ക് തദ്ദേശ സ്വയം ഭരണ, പൊതു മരാമത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നു.

തൊഴിലാളി സമരത്തിൽ പങ്കെടുത്ത സിപിഐ നേതാക്കൾക്ക് പൊലീസ് മർദ്ദനം

സിപിഐ-എഐടിയുസി നേതാക്കളെ അന്യായമായി അറസ്റ്റ് ചെയ്തതിലും മർദ്ദിച്ചതിലും പ്രതിഷേധിച്ച് സി.കെ ആശ എംഎൽഎയുടെ നേതൃത്വത്തിൽ സിപിഐ നേതാക്കൾ വൈക്കം പോലീസ് സ്റ്റേഷന്റെ അകത്ത് കുത്തിയിരിപ്പ് സത്യഗ്രഹം നടത്തുന്നു.

വൈക്കം: വഴിയോര കച്ചവട തൊഴിലാളികളെ അനധികൃതമായി ഒഴിപ്പിക്കാനുള്ള നഗരസഭയുടേയും പോലീസിന്റെയും നീക്കത്തെ പ്രതിരോധിച്ച സിപിഐ-എഐടിയുസി നേതാക്കൾക്ക് മർദ്ദനമേറ്റു. വഴിയോര കച്ചവട തൊഴിലാളി നിയമം പാലിക്കാതെ ഇവരെ ഒഴിപ്പിക്കാനുള്ള നീക്കത്തിനെതിരെ എഐടിയുസി നൽകിയ നിവേദനത്തേയും അതേത്തുടർന്നു നടന്ന സർവകക്ഷി യോഗത്തിലെ തീരുമാനങ്ങളേയും കാറ്റിൽപറത്തിക്കൊണ്ടാണ് നഗരസഭ അധികൃതർ വൻപോലീസ് സന്നാഹത്തോടെ തോട്ടുവക്കത്ത് ഒഴിപ്പിക്കാനെത്തിയത്.

ഇതിനെ ചെറുത്ത എഐടിയുസി നേതാക്കളുമായി മൽപിടുത്തവും മർദനവുമുണ്ടായി. ഇവിടെനിന്നും പിൻവാങ്ങിയ അധികാരികൾ പിന്നീട് ലിങ്ക് റോഡിന് സമീപത്തെത്തി കടകൾ എടുത്തുമാറ്റിയപ്പോഴാണ് തർക്കത്തിലും കയ്യേറ്റത്തിലും കലാശിച്ചത്.

സിപിഐ ജില്ലാ എക്സി. അംഗം ടി.എൻ രമേശൻ, മണ്ഡലം സെക്രട്ടറി എം.ഡി ബാബുരാജ്, അസി. സെക്രട്ടറി പി പ്രദീപ്, മുൻനഗരസഭ ചെയർമാൻമാരായ എൻ അനിൽ ബിശ്വാസ്, ഡി രഞ്ജിത് കുമാർ, ബിജു കണ്ണേഴത്ത്, എഐടിയുസി മണ്ഡലം സെക്രട്ടറി പി.എസ് പുഷ്കരൻ സംസ്ഥാന കൗൺസിൽ അംഗം ഡി ബാബു, ലോക്കൽ സെക്രട്ടറി അഡ്വ. ചന്ദ്രബാബു എടാടൻ എന്നിവരേയും തൊഴിലാളികളേയും റോഡിൽ വലിച്ചിഴക്കുകയും ചവിട്ടുകയുമാണ് വൈക്കം സി.ഐ കെ.ജെ തോമസിന്റെ നേതൃത്വത്തിൽ ചെയ്തത്. നിരവധി സ്ത്രീ തൊഴിലാളികൾക്കും മർദ്ദനമേറ്റു.

പരുക്കേറ്റ എം.ഡി ബാബുരാജ്, പി പ്രദീപ്, വഴിയോര തൊഴിലാളി യൂണിയൻ (എഐടിയുസി) ജോ. സെക്രട്ടറി മനോഹരൻ എന്നിവരെ വൈക്കം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിവരമറിഞ്ഞെത്തിയ സിപിഐ-എഐടിയുസി പ്രവർത്തകർ നഗരത്തിൽ പ്രകടനം നടത്തി പോലീസ് സ്റ്റേഷൻ ഉപരോധിച്ചു. മൂന്ന് മണിക്കൂറോളം കാത്തിരുന്നിട്ടും വിവരം അന്വേഷിക്കുക പോലും ചെയ്യാതിരുന്ന വൈക്കം സി.ഐയുടെ നടപടിയിൽ പ്രതിഷേധിച്ച് സി.കെ ആശയുടെ എംഎൽഎയുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷന്റെ അകത്ത് കുത്തിയിരിപ്പ് സത്യഗ്രഹം നടത്തി. പിന്നീട് ഡി.വൈ.എസ്.പി സിബിച്ചൻ തോമസ് സ്ഥലത്തെത്തി അറസ്റ്റ്ചെയ്തവരെ വിട്ടയച്ചതിനെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്.

നഗരത്തിലെ പ്രകടനത്തിന് സാബു പി മണലൊടി, പി സുഗതൻ, ആർ ബിജു, എ.സി ജോസഫ്, എസ് ബിജു, മായാ ഷാജി, അഡ്വ. എം.ജി രഞ്ജിത്ത്, കെ.ജി രാജു, പി.ജി ജയചന്ദ്രൻ, കെ.കെ ചന്ദ്രബാബു, പി.ആർ ശരത് കുമാർ എന്നിവർ നേതൃത്വം നൽകി. ഇണ്ടംതുരുത്തി മനയിൽ ചേർന്ന പ്രതിഷേധ യോഗത്തിൽ സി.കെ ശശിധരൻ, അഡ്വ. വി.ബി ബിനു, അഡ്വ. വി.കെ സന്തോഷ് കുമാർ, ജോൺ വി ജോസഫ് എന്നിവർ പ്രസംഗിച്ചു.

പോലീസ്, നഗരസഭ അധികാരികളുടെ ജനാധിപത്യവിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ഇന്ന് രാവിലെ 10ന് സിപിഐ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ മാർച്ച് നടത്തും.

പ്രാർത്ഥനാലയം ഉദ്ഘാടനം ചെയ്തു

വൈക്കം: എസ്എൻഡിപി യോഗം 648-ാം നമ്പർ മറവൻതുരുത്ത് ശാഖയിലെ നവീകരിച്ച പ്രാർത്ഥനാലയത്തിന്റെ ഉദ്ഘാടനവും മികച്ച വിജയം നേടിയ വിദ്യാർഥികളേയും വിവിധ രംഗങ്ങളിൽ കഴിവ് തെളിയിച്ച പ്രതിഭകളെ അനുമോദിക്കലും നടത്തി.

ശാഖാ പ്രസിഡന്റ് എൻ.സി അശോകൻ, സെക്രട്ടറി സുഗുണൻ എന്നിവർ ചേർന്ന് പ്രാർത്ഥനാലയത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രാർത്ഥനാലയത്തിൽ നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് എൻ.സി അശോകൻ അധ്യക്ഷത വഹിച്ചു. മറവൻതുരുത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് പി.വി ഹരിക്കുട്ടൻ മെറിറ്റ് അവാർഡുകൾ വിതരണം ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റ് പി പ്രീതി, സുഗുണൻ, സന്ധ്യ സുദർശനൻ, സുരേഷ് കുമാർ, കൈലാസൻ, സിന്ധു സുനിൽ, എം.ആർ ലെനിൻ എന്നിവർ പ്രസംഗിച്ചു.

പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക സമ്മേളനം

വൈക്കം: പെൻഷൻ പരിഷ്കരണ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. മെഡിസെപ്പ് അപാകതകൾ പരിഹരിക്കുക, പെൻഷൻ കുടിശ്ശിക ഉടൻ വിതരണം ചെയ്യുക എന്നിവയും ആവശ്യപ്പെട്ടു. വൈക്കം സമൂഹം ഹാളിൽ നടന്ന സമ്മേളനം ജില്ലാ പ്രസിഡന്റ് പി.കെ മണിലാൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ.എൻ രമേശൻ അധ്യക്ഷത വഹിച്ചു. നഗരസഭ ചെയർപേഴ്സൺ പ്രീതാ രാജേഷ്, പി.ഡി ഉണ്ണി, ഗിരിജ ജോജി, ഇ.എൻ ഹർഷകുമാർ, പി.വി സുരേന്ദ്രൻ, എം.കെ രാമചന്ദ്രൻ, ലീല അക്കരപ്പാടം, ബി.ഐ പ്രദീപ്കുമാർ, പി.വി ഷാജി, ജഗദീഷ് അക്ഷര, എം അബു എന്നിവർ പ്രസംഗിച്ചു. വിക്രം സാരാഭായ് ഫൗണ്ടേഷൻ നടത്തിയ പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ നാലാം സ്ഥാനം നേടിയ അഭിറാം രഞ്ജിത്തിനെ സമ്മേളനം ആദരിച്ചു.

മാലിപ്പാറ ഇരട്ട കൊലപാതകം പ്രതികൾക്ക് ഇരട്ട ജീവപര്യന്തം

സജീവ്

സന്ദീപ്

മൂവാറ്റുപുഴ: മാലിപ്പാറ ഇരട്ട കൊലപാതകത്തിൽ ഒന്നാം പ്രതി മാലിപ്പാറ സൊസൈറ്റിപ്പടി പുതുവൽ പുത്തൻപുര സജീവ്, രണ്ടാം പ്രതി മാലിപ്പാറ അമ്പാട്ട് സന്ദീപ് എന്നിവർക്ക് മൂവാറ്റുപുഴ അഡീ.ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജി ടോമി വർഗ്ഗീസ് ഇരട്ട ജീവപര്യന്തവും, മുറി പരിക്കേൽപ്പിച്ചതിന് ഒരു വർഷം കഠിന തടവും രണ്ട് ലക്ഷം വീതം പിഴയും വിധിച്ചത്. പിഴ അടച്ചില്ലെങ്കിൽ ഒരു വർഷം കൂടി തടവുശിക്ഷ അനുഭവിക്കണം. കോതമംഗലം മാലിപ്പാറയിൽ 2014 മാർച്ച് 16ന് പിണ്ടിമന നാടോടി ഗാന്ധിനഗർ കോളനിക്ക് സമീപം വച്ച് ഉണ്ടായ വഴക്കിനെ തുടർന്ന് ഉണ്ടായ വിരോധത്തെ തുടർന്ന് മുത്തംകുഴി കോച്ചേരിത്തണ്ട് ചെങ്ങമനാട്ട് ബിബിൻ എബ്രാഹം (26) പിണ്ടിമന ചെമ്മീൻകുത്ത് കൊല്ലുംപറമ്പിൽ വിഷ്ണു (17) എന്നിവരാണ് കത്തി കുത്തേറ്റ് കൊല്ലപ്പെട്ടത്.

കേസിൽ 38 സാക്ഷികളെ വിസ്തരിച്ചു.55 രേഖകളും 36 മുതലുകളും ഹാജരാക്കി. കോതമംഗലം പോലീസ് സർക്കിൾ ഇൻസ്പെക്ടർ ജി.ഡി.വിജയകുമാർ അന്വേഷണം നടത്തിയ കേസിൽ സർക്കിൾ ഇൻസ്പെക്ടർ കെ.എം.സജീവ് കുറ്റപത്രം കോടതിയിൽ ഹാജരാക്കിയത്. പ്രോസിക്യൂഷനു വേണ്ടി അഡീഷ്ണൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.എസ്.ജ്യോതികുമാർ ഹാജരായി.

കേരളത്തോട് കാണിച്ചത് ക്രൂരത;

ബജറ്റ് പാനൽ ചർച്ച സംഘടിപ്പിച്ചു

കളമശേരി: കേരള പ്രൊഡക്ടിവിറ്റി കൗൺസിലും കേന്ദ്ര പൊതുമേഖല കോർഡിനേഷൻ സമിതിയും സംയുക്തമായി കളമശേരി പ്രൊഡക്ടിവിറ്റി കൗൺസിൽ ഹാളിൽ 2024-25 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് സംബന്ധിച്ച് പാനൽ ചർച്ച സംഘടിപ്പിച്ചു.

ബജറ്റ് പാനൽ ചർച്ച സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സി ഐടിയു ദേശീയ സെക്രട്ടറി കെ ചന്ദ്രൻ പിള്ള മോഡറേറ്റർ ആയിരുന്ന ചർച്ചക്ക് കേന്ദ്ര പൊതുമേഖല കോർഡിനേഷൻ സമിതി കൺവീനർ എം ജി അജി സ്വാഗതം ആശംസിച്ചു.

കേരളത്തോട് കാണിച്ച അങ്ങേയറ്റത്തെ ക്രൂരതയാണ് കേരളത്തോട് ഈ ബജറ്റെന്ന് എളമരം കരീം ചർച്ച ഉദ്ഘാടനം ചെയ്തു പറഞ്ഞു. കേരളത്തോട് കേന്ദ്രം കാണിക്കുന്നത് രാഷ്ട്രീയപരമായ വിവേചനമാണ്. എല്ലാ വർഷവും കേന്ദ്രം ഇത് ആവർത്തിക്കുകയാണ്. യുവജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. എന്നാൽ കേന്ദ്ര ഗവ. ഇത് അംഗീകരിക്കുന്നില്ല.

അവർക്കായി ഒന്നും ചെയ്യാൻ കേന്ദ്രത്തിന് സാധിക്കുന്നില്ല. മോദിസർക്കാരിന് വേണ്ടി ധനകാര്യ മന്ത്രി അവതരിപ്പിച്ച ബജറ്റ് സാമ്പത്തിക കാർഷിക മേഖലയിലടക്കം നിരാശജനകമാണെന്നും എളമരം കരീം ചൂണ്ടികാട്ടി.

നമ്മുടെ വിദ്യാലയം നന്മയുടെ ലോകം സാംസ്കാരിക സംഗമം ഇന്ന്

പെരുമ്പാവൂർ: സോഷ്യൽ ജസ്റ്റിസ് ഫോറം സംഘടിപ്പിക്കുന്ന നമ്മുടെ വിദ്യാലയം നന്മയുടെ ലോകം സാംസ്കാരിക സംഗമം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് പെരുമ്പാവൂർ ആശ്രം ഹയർ സെക്കണ്ടറി സ്കൂൾ ഹാളിൽ സംസ്ഥാന പ്രസിഡന്റ് കെ.എം. വർഗീസ് ഉദ്ഘാടനം ചെയ്യും.

പ്രതിഭാസംഗമം, കുഞ്ഞിളം കയ്യിൽ സമ്മാനവിതരണം, മാതാപിതാക്കന്മാർ, അധ്യാപകർ എന്നിവരെ ആദരിക്കൽ ഉണ്ടാകും.

EMGEE MUTHOOT NIDHI LIMITED

(Formerly Emgee Muthoot Benefit Fund (India) Limited)

Registered Office: XXIII/981, First Floor, Global Towers, Ernakulam - 683101

secdep@muthootgroup.com, CIN: U65991KL1986PLC004384

NOTICE

Notice is hereby given that the 39th Annual General Meeting of the members of Emgee Muthoot Nidhi Limited (Formerly Emgee Muthoot Benefit Fund (India) Limited) will be held on Monday, the 30th day of September 2024 at 10.00 AM at the registered office of the Company at XXIII/981, First Floor, Global Towers, Ernakulam - 683101 to transact the business contained in the Notice convening the Annual General Meeting.

Annual Report for the financial year 2023-24 containing the Notice calling the Annual General Meeting, Directors Report, Auditors Report and Financial statements for the period ended 31st March 2024 is being displayed on the notice board at the Company's registered office.

A member entitled to attend, and vote is entitled to appoint a proxy to attend and vote instead of himself.

For and on behalf of the Board

Sd/-

George Muthoot George

Director

(DIN: 00018329)

Ernakulam : 683101

Date: 22nd August 2024

കഞ്ചാവുമായി യുവാവ് പിടിയിൽ

മുവാറ്റുപുഴ: മൂവാറ്റുപുഴപുഴയിലും പരിസര പ്രദേശങ്ങളിലും വിദ്യാർഥികൾക്കിടയിലും യുവാക്കൾക്കിടയിലും കഞ്ചാവ് വില്പന നടത്തി വന്ന പടിഞ്ഞാറെ പുന്നമറ്റം പുത്തൻ മാളിയേക്കൽ നിധിൻ ഷാ (38) എന്നയാളെ മുവാറ്റുപുഴ പുന്നമറ്റം ഭാഗത്തു നിന്ന് ഗഞ്ചാവുമായി മുവാറ്റുപുഴ റേഞ്ച് എക്സൈസ്ഇൻസ്പെക്ടർ റോയി എം ജേക്കബും പാർട്ടിയും ചേർന്ന് പിടികൂടി ഓണക്കാല സ്പെഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് നടന്ന റെയ്ഡിൽ ആണ് പിടിയിലായത്.

മുൻപും മയക്കുമരുന്നുകേസുകൾ കണ്ടെടുത്തിട്ടുണ്ട്. ഓണം സ്പെഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് തുടർന്നും വ്യജമാദ്യത്തിനും അനധികൃത മയക്കു മരുന്നുകൾക്കുമെതിരെ ശക്തമായ പരിശോധനകൾ നടത്തുവാൻ തീരിമാനിച്ചിട്ടുണ്ടെന്ന് എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ അറിയിച്ചു.

പ്രതിയെ മുവാറ്റുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. അന്വേഷണ സംഘത്തിൽ ഇൻസ്പെക്ടറെ കൂടാതെ അസി. എക്സൈസ് ഇൻസ്പെക്ടർമാരായ ഹസൈനാർ പി.പി, അജയകുമാർ കെ എസ്, പ്രിവന്റീവ് ഓഫീസർ കബീർ പി.എം, റസാക്ക് കെ.എ .വനിതാ സിവിൽ എക്സൈസ് ഓഫീസർ പ്രകാശിനി എം ജെ എന്നിവർ പങ്കെടുത്തു.

Chola Enter a better life

ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫീസ് - ചോള ക്രെസ്റ്റ്, സുപ്പർ ബി, C54 & C55, 4,തിരു വിക ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഗുണ്ടി , ചെന്നൈ - 600 032

ഇ-ലേല വിൽപ്പന അറിയിപ്പ് (ഇ-ബിഡ്ഡിംഗിലൂടെ മാത്രം വിൽപ്പന)

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 8(6) 9 (1) പ്രകാരം ഇ-ലേലത്തിലൂടെയുള്ള സ്ഥാവര വസ്തുക്കളുടെ വിൽപ്പന.

പൊതുജനം പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കോളം (എ) ൽ സൂചിപ്പിച്ചിരിക്കുന്ന കടം വാങ്ങുന്നവർക്കും ഗ്യാരണ്ടർമാർക്കും (സി) കോളത്തിൽ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്തുക്കൾ ഫിസിക്കൽ പൊസഷൻ നടത്തിയതായും . മോർട്ട്ഗേജ് / ചാർജ്ജ് ചെയ്ത സെക്യൂരിറ്റി ക്രെഡിറ്റർക്ക് ചോള മണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് സെക്യൂരിറ്റി ക്രെഡിറ്ററിന്റെഅംഗീകൃത ഓഫീസർ കോളം (ഡി)ൽ വിവരിച്ചിരിക്കുന്ന പ്രകാരം , 'എവിടെയാണോ അതുപോലെ', 'എന്തായിരുന്നാലും', 'എന്തായാലും വിൽക്കും. താഴെ സൂചിപ്പിച്ചിരിക്കുന്ന വിശദാംശങ്ങളുണ്ടായിരിക്കുന്നതായിരിക്കും .

കടം വാങ്ങുന്നയാൾ / മോർട്ട് ഗേജർ (കൾ) (മരിച്ചതുമുതൽ) / നിയമപരമായ അവകാശി, നിയമ പ്രതിനിധികൾ (അറിയപ്പെടുന്നതോ അറിയാത്തതോ ആയവരും), എക്സിക്യൂട്ടർ (കൾ), അഡ്മിനിസ്ട്രേറ്റർ (കൾ), പിൻഗാമി(കൾ) എന്നിവർക്ക് 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് റൂൾ 8(6) പ്രകാരം കോളം (എ) ൽ നോട്ടീസ് ഇതിനാൽ നൽകുന്നു .

ബന്ധപ്പെട്ട കടം വാങ്ങുന്നവരുടെ (കൾ) / മോർട്ട്ഗേജർ (കൾ) .. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക. ക്രെഡിറ്ററുടെ വെബ്സൈറ്റ് അതായത് https://www.cholamandalam.com & www.auctionfocus.in .

SR. NO.	[A] ലോൺ അക്കൗണ്ട് നം. വായ്പക്കാരുടെ / ഗ്യാരന്റർ/ മോർട്ട് ഗേജർ പേരുകൾ	[B] കുടിശ്ശിക തുക (സെക്യൂരിറ്റി കടം)	[C] സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ	[D] പൊസഷൻ തീയതി	[E & F] റിസേർവ് തുക / ഇ എം ഡി	[G] ലേല തീയതി, സമയം
1.	Loan Account No.: HL05COC000007206 1. സുനിൽ പരമേശ്വരൻ 2. രാധിണി സുനിൽ ഇരുവരും താമസിക്കുന്നത് : കൊല്ലം കാവിൽ , കേഴൂർ ഭഗവതി ക്ഷേത്രത്തിന് സമീപം, വൈക്കം , കേരളം, 686605 , കൂടെ, 59/2/എ/2/7/8 , തിരുമാറാടി, തിരുമാറാടി പഞ്ചായത്തിന് സമീപം, മൂവാറ്റുപുഴ-686662.	Rs. 27,43,914/- ഇരുപത്തിയേഴ് ലക്ഷത്തി നാല്പത്തിമൂവായിരത്തി തൊള്ളായിരത്തി പതിനാല് രൂപ 21-08-2024 വരെ	തിരുമാറാടി വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്, തിരുമാറാടി കര, തിരുമാറാടി പഞ്ചായത്ത്, കൂത്താട്ടുകുളം ഉപജില്ല, എറണാകുളം ജില്ലയിൽ സർവ്വേ നമ്പർ 59/2A